**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2562** **23-02-2026 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിസിറ്റി വർക്കർ നിയമനത്തിനുള്ള യോഗ്യതയിൽ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രിസിറ്റി വർക്കർ നിയമനത്തിനുള്ള യോഗ്യതയിൽ കെ.എസ്.ഇ.ബി. ഭേദഗതി വരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി റെഗുലേഷൻ 2023-ലെ സെക്ഷൻ 7, 8 എന്നിവ അനുസരിച്ച് വൈദ്യുതി പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സാങ്കേതിക പരിജ്ഞാനം ഉണ്ടായിരിക്കണം. കെ.എസ്.ഇ.ബി ലിമിറ്റഡിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ എൻട്രി കേഡർ തസ്തികയായ ഇലക്ട്രിസിറ്റി വർക്കർക്ക് സി.ഇ.എ റെഗുലേഷൻ 2023 അനുസരിച്ച് ടി തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത താഴെ കൊടുത്തിരിക്കുന്ന രീതിയിൽ പരിഷ്കരിച്ചിട്ടുണ്ട്.<br><br>എസ്.എസ്.എൽ.സി/ തതുല്യ വിജയം.<br><br>ഇലക്ട്രീഷ്യൻ / വയർമാൻ വിഷയത്തിൽ രണ്ട് വർഷത്തെ ഗവൺമെന്റ് അംഗീകൃത ഐ.ടി.ഐ കോഴ്സ് പാസായിരിക്കണം.<br><br>ശാരീരിക യോഗ്യതകൾ :-<br><br>പുരുഷൻമാർക്ക് 5 അടി 2 ഇഞ്ച് നീളം<br><br>സ്ത്രീകൾക്ക് 4 അടി 9 ഇഞ്ച് നീളം<br><br>സാധാരണ കാഴ്ചശക്തി ഉണ്ടായിരിക്കണം, വർണാന്ധത പാടില്ല.<br><br>മികച്ച ശാരീരികക്ഷമത ഉണ്ടായിരിക്കണം.<br><br>ഇലക്ട്രിക്ക് പോസ്റ്റിൽ കയറാൻ അറിഞ്ഞിരിക്കണം.<br><br>9 മീറ്റർ നീളമുള്ള ഇലക്ട്രിക്ക് പോസ്റ്റിൽ 8 മിനിട്ട് സമയത്തിനകം കയറുകയും ഇറങ്ങുകയും വേണം.<br><br>ശാരീരിക വെല്ലുവിളികൾ നേരിടുന്നവരുടെ നിയമനം 06.06.2025-ലെ സർക്കാർ ഉത്തരവ് സ.ഉ(സാധാ)നം.136/2025/SJD-യുടെ അടിസ്ഥാനത്തിലായിരിക്കും. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത തസ്തികയിലെ നിയമനത്തിന് നിലവിലുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | ഇലക്ട്രിസിറ്റി വർക്കർ തസ്തികയുടെ നിയമനത്തിൽ നിലവിലുണ്ടായിരുന്ന യോഗ്യതകൾ ചുവടെ ചേർക്കുന്നു.<br><br>നാലാം ക്ലാസ് വിജയിച്ചിരിക്കണം പത്താം ക്ലാസ് പാസാകാൻ പാടില്ല, സൈക്കിൾ സവാരി അറിഞ്ഞിരിക്കണം.<br><br>ശാരീരിക യോഗ്യതകൾ :-<br><br>പുരുഷൻമാർക്ക് 5 അടി 2 ഇഞ്ച് നീളം<br><br>സ്ത്രീകൾക്ക് 4 അടി 9 ഇഞ്ച് നീളം (ആശ്രിത നിയമനത്തിന് മാത്രം ബാധകം)<br><br>സാധാരണ കാഴ്ചശക്തി ഉണ്ടാരിക്കണം, വർണാന്ധത പാടില്ല.<br><br>മികച്ച ശാരീരികക്ഷമത ഉണ്ടായിരിക്കണം.<br><br>സ്ത്രീകൾ, ശാരീരിക വെല്ലുവിളികൾ നേരിടുന്നവരും വർക്കർ തസ്തികയിലേക്ക് അപേക്ഷിക്കാൻ യോഗ്യരല്ല. |
| (സി) | പ്രസ്തുത തസ്തികയിലേക്കുള്ള യോഗ്യതകൾ സംബന്ധിച്ച് സർക്കാർ നിർദ്ദേശം എന്തായിരുന്നു; ആയതിൽ ഏതൊക്കെ ഭേദഗതികൾ ആണ് കെ.എസ്.ഇ.ബി. അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; മറ്റുള്ളവ അംഗീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) | 06.06.2025-ലെ സർക്കാർ ഉത്തരവ് സ.ഉ(സാധാ)നം. 136/2025/SJD അനുസരിച്ച് പ്രസ്തുത തസ്തികയിൽ 4 ശതമാനം ഒഴിവുകൾ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കായി നീക്കിവെച്ചിട്ടുണ്ട്. ഈ ഉത്തരവ് പരിഷ്കരിച്ച് യോഗ്യതയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് നിർദ്ദേശങ്ങളൊന്നും സർക്കാരിൽ നിന്നും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ